**ഇ-മെയിൽ സന്ദേശം - അടിയന്തിരം**

**ഭരണഭാഷ - മാതൃഭാഷ**

എൽ.ആർ. (ബി2)-54340/18

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്
മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം
ഫോൺ: 0471-2321229
ഇ-മെയിൽ : lrbclrtvm@gmail.com,
clrb2clerk@gmail.com

തീയതി : 01/01/2019

ലാൻഡ് റവന്യൂ കമ്മീഷണർ
തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം : ആർ.ആർ ഓൺലൈൻ - റവന്യൂ റിക്കവറി പ്രകാരം ഓൺലൈൻ പേയ്മെന്റ് നടത്തുമ്പോൾ രസീതുകൾ തെറ്റായി ജനറേറ്റ് ചെയ്യുന്നത് പരിഹരിക്കുന്നത്- സംബന്ധിച്ച്.

സൂചന :

ആർ.ആർ ഓൺലൈൻ പ്രകാരം കുടിശ്ശികക്കാരിൽ നിന്നും തുക ഇ-പെയ്മെന്റ് വഴി സ്വീകരിച്ച് രസീതു പ്രിന്റ് ചെയ്യുവാൻ ശ്രമിക്കുമ്പോൾ രസീത് ജനറേറ്റ് ചെയ്യുന്നത് കാണുവാൻ സാധിക്കാത്തതു മൂലം വില്ലേജ് ഓഫീസർ വീണ്ടും പ്രിന്റ് ചെയ്യുവാൻ ശ്രമിക്കുകയും ഒരേ തുകയ്ക്ക് വ്യത്യസ്ത രസീതുകൾ തെറ്റായി ജനറേറ്റ് ചെയ്യുകയും ആയത് റദ്ദ് ചെയ്യേണ്ടതായും വരുന്നു. ഇത്തരത്തിൽ രസീതുകൾ റദ്ദ് ചെയ്യുന്നതിനായി ഈ കാര്യാലയത്തിലേക്ക് നിരവധി ഇ-മെയിൽ സന്ദേശം ജില്ലകളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു. തെറ്റായി രസീതുകൾ ജനറേറ്റ് ചെയ്യുന്നത് ശരിയായ പ്രവണതയല്ലാത്തതിനാൽ തിരുനവന്തപുരം സ്റ്റേറ്റ് എൻ.ഐ.സിയും, ഇ-പെയ്മെന്റ് സംവിധാനം തയ്യാറാക്കിയിട്ടുള്ള പാലക്കാട് എൻ.ഐ.സിയും കൂടിയാലോചിച്ച് അപാകത പരഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

മേൽ സൂചിപ്പിച്ച അപാകത പരിഹരിക്കപ്പെടുന്നതുവരെ ആർ.ആർ ഓൺലൈൻ വഴി തുക സ്വീകരിക്കുമ്പോൾ രസീതുകൾ ജനറേറ്റ് ചെയ്യുന്നുണ്ടോയെന്ന് വ്യക്തമായി പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് എല്ലാ തഹസീൽദാർമാർക്കും, വില്ലേജ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

**അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ)**
**കമ്മീഷണർക്കുവേണ്ടി**

Scanned by CamScanner